**Kerala Catholic Bishops' Council (KCBC)**

Secretariat, Pastoral Orientation Centre, P.B.No.2251, Palarivattom, Kochi-682025, Kerala, India
Tel: +91-484-2805722, 2805815
E-mail : deputysecretarykcbc@gmail.com, www.kcbcsite.com


All Kerala Press Release

*Ref: 924/KCBC/K-6/KPR/DS* 31.07.2024

# വയനാട് ദുരന്തം: കത്തോലിക്കാസഭയുടെ ദുരിതാശ്വാസ പ്രവർത്തനങ്ങൾ കെഎസ്എസ്എഫ് ഏകോപിപ്പിക്കുമെന്ന് കെസിബിസി

കൊച്ചി: വയനാട് മേപ്പാടിയിൽ ചൂരൽമലയിലും മുണ്ടക്കൈയിലും മറ്റു ഭാഗങ്ങളിലുമുണ്ടായ പ്രകൃതിദുരന്തത്തിൽ ഇരകളായവർക്ക് സഹായമെത്തിക്കുന്നതിനുള്ള കേരളസഭയിലെ പ്രവർത്തനങ്ങൾ കെസിബിസിയുടെ ജെപിഡി കമ്മീഷനു കീഴിലുള്ള കേരള സോഷ്യൽ സർവീസ് ഫോറം (കെഎസ്എസ്എഫ്) ഏകോപിപ്പിക്കും. ദുരിതബാധിതർക്കായി ഓഗസ്റ്റ് നാലിനു ഞായറാഴ്ച കുർബാനയിൽ പ്രത്യേകം അനുസ്മരിച്ച് പ്രാർഥിക്കണമെന്നും കെസിബിസി ആഹ്വനം ചെയ്തു.

വലിയ ദുരന്തമാണ് വയനാട്ടിൽ ഉണ്ടായത്. വയനാട്, കോഴിക്കോട് മേഖലകളിലെ രൂപതകൾ ഇടവകകളുടെയും സംഘടനകളുടെയും സാമൂഹ്യസേവന വിഭാഗങ്ങളുടെയും സമർപ്പിത സന്ന്യാസസമൂഹങ്ങളുടെയും നേതൃത്വത്തിൽ ഇതിനോടകം സന്നദ്ധപ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ദുരിതബാധിത പ്രദേശത്തെ ആളുകളെ സംബന്ധിച്ച് ദീർഘകാല അടിസ്ഥാനത്തിലുള്ള ആശ്വാസ പ്രവർത്തനങ്ങൾ ആകും അഭികാമ്യം. വീടുനഷ്ടപ്പെട്ടവർ, വസ്തുവും സമ്പത്തും നഷ്ടപ്പെട്ടവർ, ജീവനും ജീവിതവും നഷ്ടപ്പെട്ടവർ എന്നിങ്ങനെ അവിടത്തുകാർക്കുണ്ടായ നഷ്ടങ്ങൾ വാക്കുകൾക്ക് അതീതമാണ്. സമാനമായ മുൻകാല സാഹചര്യങ്ങളിൽ ദുരിതാശ്വാസ, പുനരധിവാസ പ്രവർത്തനങ്ങൾക്ക് കെസിബിസി കൃത്യമായ നേതൃത്വം വഹിച്ചിട്ടുണ്ട്. എല്ലാ രൂപതകളും സമർപ്പിത സന്ന്യാസ സമൂഹങ്ങളും വളരെ ആത്മാർഥമായി സഹകരിക്കുകയും ചെയ്തിട്ടുണ്ട്. ഹ്രസ്വ, ദീർഘകാല അടിസ്ഥാനത്തിലുള്ള ദുരിതാശ്വാസ, പുനരധിവാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും നടപ്പിലാക്കാനും വേണ്ട നേതൃത്വം കെഎസ്എസ്എഫ് ഏറ്റെടുക്കും. ഈ പ്രവർത്തനങ്ങൾക്ക് ആവശ്യമായ മൂലധനം കണ്ടെത്തേണ്ടതിന് രൂപതകളും സമർപ്പിത സന്ന്യാസസമൂഹങ്ങളും നിസ്വാർഥമായി സഹകരിക്കണം. കെഎസ്എസ്എഫിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് സാമ്പത്തിക സഹായം അയച്ചുകൊടുക്കണമെന്നും കെസിബിസി പ്രസിഡന്റ് കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവ, വൈസ് പ്രസിഡന്റ് ബിഷപ് മാർ പോളി കണ്ണൂക്കാടൻ, സെക്രട്ടറി ജനറൽ ബിഷപ് ഡോ. അലക്സ് വടക്കുംതല എന്നിവർ രൂപതകൾക്കു നല്കിയ കത്തിൽ ആവശ്യപ്പെട്ടു.

കേരള സോഷ്യൽ സർവീസ് ഫോറത്തിന്റെ പേരിൽ ഇന്ത്യൻ ഓവർസീസ് ബാങ്ക് നാഗമ്പടം ബ്രാഞ്ചിലുള്ള (കോട്ടയം) അക്കൗണ്ട് നമ്പർ – 196201000000100, ഐഎഫ്എസ്സി നമ്പർ– IOBA0001962.

**ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി**

ഡെപ്യൂട്ടി സെക്രട്ടറി ജനറൽ, ഔദ്യോഗികവക്താവ്, കെ.സി.ബി.സി./

ഡയറക്ടർ, പി.ഒ.സി.


PRESIDENT
His Beatitude
CARDINAL MAR BASELIOS CLEEMIS CATHOLICOS
Major Archbishop of Syro Malankara Church
Major Archbishop's House,
Pattom, Trivandrum 695 004.
Ph: +91 471 2541642, 2542643, 2540446
Email: baselioscleemis@gmail.com

VICE-PRESIDENT
His Excellency
MAR PAULY KANNOOKADAN
Bishop of Irinjalakuda
Bishop's House
Irinjalakuda 680 121
Ph: 0480 – 2826830, 2826820
Email: paulykannookadan@gmail.com

SECRETARY GENERAL
His Excellency
RT. REV. DR. ALEX VADAKUMTHALA
Bishop of Kannur, Bishop's House
Chowva P.O., Kannur 670 006
Ph: +91497 2729922, 2729988
Email: fralexv@gmail.com

DEPUTY SECRETARY GENERAL
FR. JACOB G. PALACKAPPILLY
POC, PB No. 2251
Palarivattom, Kochi-685 025
Ph: 0484-2805815,
2805722
Email: jacobgpala@gmail.com